

# നിങ്ങൾക്കും ജയിക്കാം സിവിൽ സർവ്വീസ്

എം.പി. ലിപിൻ രാജ്

സിവിൽ സർവ്വീസ് പരീക്ഷയെ സമഗ്രമായി പരിചയപ്പെടുത്തുകയും പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനും തയ്യാറെടുപ്പുകൾ നടത്തുന്നതിനും വിശദമായ മാർഗനിർദേശം നൽകുകയും ചെയ്യുന്ന കൃതി. സിവിൽ സർവ്വീസ് പരീക്ഷയുടെ ഘടന, വിവിധ സർവ്വീസുകൾ, പരീക്ഷയെ സമീപിക്കേണ്ട രീതി, തയ്യാറെടുക്കേണ്ടവിധം, പഠനത്തിന് ഉപയോഗിക്കാവുന്ന പുസ്തകങ്ങൾ, നോട്ടുകൾ കുറിച്ചെടുക്കേണ്ട ശൈലി, മെയിൻ പരീക്ഷയ്ക്കും ഇന്റർവ്യൂവിനും തയ്യാറെടുക്കേണ്ട രീതി എന്നിങ്ങനെ എല്ലാ രംഗങ്ങളിലും മാർഗനിർദേശകമായി നിൽക്കുന്നു. കൂടാതെ സിവിൽ സർവ്വീസ് പരീക്ഷയിൽ മലയാളം മാധ്യമമായി എടുക്കുന്നവർക്കുള്ള പ്രത്യേക നിർദേശങ്ങളും അടങ്ങിയ ഈ പുസ്തകം ഓൺലൈൻ മീഡിയകളും ആപ്ലിക്കേഷനുകളും പോലുള്ള ആധുനിക സാങ്കേതിക മികവും സാമൂഹിക മാധ്യമങ്ങളും പരീക്ഷാവിജയത്തിനായി ഉപയോഗിക്കാനുള്ള മികച്ച സാധ്യതകളും പങ്കുവയ്ക്കുന്നു.

സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് അപേക്ഷിച്ചവർക്കും അപേക്ഷിക്കാനാഗ്രഹിക്കുന്നവർക്കും ഒപ്പം സ്കൂൾ തലം മുതൽ സിവിൽ സർവ്വീസ് ലക്ഷ്യംവച്ച് പഠന തയ്യാറെടുപ്പുകൾ നടത്താനും മികച്ച വിജയം വരിക്കാനും ആവശ്യമായ പ്രാഥമിക വഴികൾ അനുഭവ പാഠങ്ങളുടെ വെളിച്ചത്തിൽ പങ്കുവയ്ക്കുന്ന മികച്ചൊരു മാർഗനിർദേശക ഗ്രന്ഥം.

DC Life
www.dcbooks.com
സെൽഫ് ഹെൽപ്
കവർ ഡിസൈൻ
ബിനീഷ് പുരയ്ക്കൽ
₹ 260
E-book Available

എം.പി. ലിപിൻ രാജ് • നിങ്ങൾക്കും ജയിക്കാം സിവിൽ സർവ്വീസ്

DC Life

സിവിൽ സർവ്വീസ് പരീക്ഷയുടെ എല്ലാ പേപ്പറുകളും മലയാളം മാധ്യമത്തിൽ എഴുതി പ്രശംസനീയമായ വിജയം കൈവരിച്ച എം.പി. ലിപിൻ രാജ് നൽകുന്ന മാർഗനിർദേശങ്ങൾ

# നിങ്ങൾക്കും ജയിക്കാം സിവിൽ സർവ്വീസ്

6-ാം പതിപ്പ്

എം.പി. ലിപിൻ രാജ്




ഓൺലൈൻ വിജ്ഞാനഖനികളും മറ്റ് ആധുനിക സംവിധാനങ്ങളും പരമാവധി ഉപയോഗപ്പെടുത്തി 'സ്മാർട് പഠന'ത്തിന്റെ സാധ്യതകൾ

മലയാളം പരീക്ഷാ മാധ്യമമായി സ്വീകരിക്കുന്നവർക്കുള്ള പ്രത്യേക നേട്ടങ്ങളും അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും

സിവിൽ സർവ്വീസ് പരീക്ഷയെയും പരിശീലനരീതികളെയുംപറ്റിയുള്ള സമഗ്രമായ പരിചയപ്പെടുത്തൽ

പരീക്ഷ എഴുതുമ്പോൾ, അഭിമുഖത്തിൽ പങ്കെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

College Of Avian Sciences & Management
LIBRARY
2441
KVASU Thiruvazhamkunnu

LIBRARY
2441

57

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2441 Call No. ..........

This book should be returned on or before the date last given below.

## എം.പി. ലിപിൻ രാജ്

അമ്മ: വി.ജി. ലീലാമണി, അച്ഛൻ: പി.കെ. പുഷ്പരാജൻ. പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം സ്വദേശി. 2012-ലെ സിവിൽ സർവ്വീസ് പരീക്ഷയിൽ മൊത്തം വിഷയങ്ങളും മലയാളത്തിൽ എഴുതി ഇരുനൂറ്റി ഇരുപത്തിനാലാം റാങ്ക് നേടി. തുടർച്ചയായി മൂന്നുതവണ കേരളയൂണിവേഴ്സിറ്റി കഥാരചനാമത്സര ത്തിൽ ഒന്നാം സ്ഥാനം. ലേഖനവിഭാഗത്തിൽ രണ്ടു തവണ ഒന്നാം സ്ഥാനം. വിവിധ മത്സരങ്ങളിൽ പ്രസംഗത്തിലും ഡിബേറ്റിലും സംസ്ഥാനചാമ്പ്യൻ. ഐക്യരാഷ്ട്രസംഘടനയും യൂണിസെഫും ചേർന്ന് ഏർപ്പെടുത്തിയ 2009-ലെ 'യുവനേതൃത്വ' അവാർഡ് ജേതാവാണ്. സൗജന്യ സിവിൽ സർവ്വീസ് പരിശീ ലനപദ്ധതിയായ 'വോക്ക് വിത്ത് എ സിവിൽ സർവന്റ്'ന്റെ ബ്രാൻഡ് അംബാ സിഡർ. ആദ്യ ചെറുകഥാസമാഹാരമായ 'ഗോൾഡൻ ഫ്രോഗ്' പുറത്തിറങ്ങി.
Email: lipinrajmp2@gmail.com


ലിപിൻ രാജിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ:

*നോവൽ:* മാർഗരീറ്റ
*സെൽഫ് ഹെൽപ്:* നിങ്ങൾക്കും ജയിക്കാം സിവിൽ സർവ്വീസ്


സെൽഫ് ഹെൽപ് പുസ്തകങ്ങൾ
വാങ്ങാൻ ഈ ക്യൂ ആർ കോഡ്
സ്കാൻ ചെയ്യൂ


# നിങ്ങൾക്കും ജയിക്കാം സിവിൽ സർവ്വീസ്

സിവിൽ സർവ്വീസ് പരീക്ഷയിൽ
വിജയം വരിക്കാനുള്ള പ്രായോഗികവഴികൾ

## എം.പി. ലിപിൻ രാജ്

**DC Life**
*An imprint of* **D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Ningalkkum Jayikkām Civil Service
SELF HELP/CAREER GUIDENCE
*by* M.P. Lipin Raj

Rights Reserved
First Published May 2016
This edition - November 2023

P-ISBN: 978-81-264-6676-4
E-ISBN: 978-81-264-6789-1

Distributors : D C Books-Current Books, INDIA
Printed in India: Manipal Technologies Limited, Manipal.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Lipinraj, M.P.
Ningalkkum jayikkam civil service/M.P. Lipinraj.
216 p., 21 cm.
ISBN 978-81-264-6676-4.
1. Selfhelp. I. Title.
158.1-dc-22.

*The views and opinions expressed in this book are the author's own and the facts are as reported by him, and the publishers are not in any way liable for the same.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1249/23-24-Sl.No. 25734-dcb 6360-(6)-300(LE)-8956-11-23-T1-e st- d (t)rs

## ഉള്ളടക്കം

ലക്ഷ്യത്തിലേക്ക് കുതിക്കുക
ലക്ഷ്യം നിങ്ങളിലേക്ക് അടുത്ത് വരും. .......... 7

സിവിൽ സർവ്വീസ് പരീക്ഷയിലെ
ഏതൊക്കെ മേഖലകളിൽ മലയാളമുണ്ട്? .......... 13

എന്താണ് സിവിൽ സർവ്വീസ് പരീക്ഷ? .......... 18

പ്രധാന ഓൾ ഇന്ത്യ സർവ്വീസുകളെ പരിചയപ്പെടാം .......... 22

വയസ്സും തയ്യാറെടുപ്പും .......... 37

സിവിൽ സർവ്വീസ് പരീക്ഷാഘടന,
വിവിധപരീക്ഷാപേപ്പറുകൾ .......... 49

ജയിച്ചിരിക്കേണ്ട ഇന്ത്യൻ ഭാഷ മലയാളം .......... 70

നിർബന്ധമായും ജയിച്ചിരിക്കേണ്ട ഇംഗ്ലീഷ് പേപ്പർ .......... 73

ഉപന്യാസം പേപ്പർ .......... 76

മലയാളത്തിലെഴുതുമ്പോൾ ഓപ്ഷണൽ
വിഷയം എന്താകാം? .......... 86

സിവിൽ സർവ്വീസ് ചോദ്യപേപ്പർ .......... 95

വിജയികൾ .......... 108

മലയാളത്തിലെഴുതുമ്പോൾ
സ്വീകരിക്കേണ്ട തയ്യാറെടുപ്പുകൾ .......... 110

മലയാളം കോച്ചിങ് എങ്ങനെ? .......... 119

പഠിക്കേണ്ട പുസ്തകങ്ങൾ,
മാസികകൾ, ഓൺലൈൻ വെബ്സൈറ്റുകൾ ..........................135

സ്മാർട്ടായി പഠിക്കാം..........................................................................145

നിരന്തരം പോരടിക്കുന്നവർക്കൊരു സംഗമഭൂമി.................... 150

ഇന്റർവ്യൂവിൽ മാതൃഭാഷ ഉപയോഗിക്കുമ്പോൾ......................159

ഫലപ്രഖ്യാപനവും അനന്തരനടപടികളും.................................... 172

അക്കാദമികൾ.........................................................................................179

മലയാളം എടുക്കുന്നവർക്ക്
ശോഭിക്കാൻ കഴിയുന്ന സിവിൽ സർവ്വീസ് മേഖലകൾ ........181

ഇന്ത്യൻ ഇക്കണോമിക് സർവ്വീസ്/
ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സ് സർവ്വീസ് .....................................................191

ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് പരീക്ഷ................................................195

കേരളാകേഡർ .....................................................................................207

# ലക്ഷ്യത്തിലേക്ക് കുതിക്കുക,
# ലക്ഷ്യം നിങ്ങളിലേക്ക് അടുത്തുവരും

കോളജിൽ പഠിക്കുമ്പോൾ, തികച്ചും അവിചാരിതമായാണ് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മലയാളം ഒരു മാധ്യമമായി എടുക്കാമെന്ന് ഞാൻ തിരിച്ചറിഞ്ഞത്. അതിനു കാരണമായത് എന്റെ മലയാളം അധ്യാപകനായിരുന്നു. അക്കാലത്ത് തിരുവനന്തപുരം മാർ ഇവാനിയോസ് ക്യാമ്പസിൽ സിവിൽ സർവ്വീസ് പരീക്ഷ ഉള്ളിൽ ആഗ്രഹമായി കൊണ്ടുനടന്നിരുന്ന ഞങ്ങൾ കുറേപ്പേർ ചേർന്ന്, കോർ ഗ്രൂപ്പ് എന്ന പേരിൽ ഒരു രഹസ്യക്കൂട്ടായ്മ ഉണ്ടാക്കി ചർച്ചകളും വിഷയാവതരണങ്ങളും നടത്താറുണ്ട് എന്നത് ഈ അധ്യാപകന്റെ ചെവിയിലെത്തിയിരുന്നു. സിവിൽ സർവ്വീസ് പരീക്ഷ എഴുതണമെന്നുള്ള അക്കാലത്തെ എന്റെ അടക്കാനാവാത്ത ആഗ്രഹം കണ്ടറിഞ്ഞിട്ടുള്ളതിനാലും കഥാരചന, കവിതാരചന, ഉപന്യാസം, പ്രസംഗം, ഡിബേറ്റ്, ക്വിസ് എന്നിങ്ങനെ ഒട്ടുമിക്ക സാഹിത്യമത്സരങ്ങൾക്കും പോയി സമ്മാനം വാങ്ങാറുണ്ട് എന്നതിനാലും എന്നോട് അദ്ദേഹത്തിന് പ്രത്യേക താത്പര്യം ഉണ്ടായിരുന്നു.

എന്നാൽ, ഒരിക്കൽ ഞാൻ ജേർണ്ണലിസം ക്ലാസ്സിൽ ശ്രദ്ധിക്കുന്നില്ലെന്ന് അദ്ധ്യാപിക അദ്ധ്യാപകനോട് പരാതിപ്പെട്ടു. ടീച്ചർ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ക്ലാസ്സിലിരുന്ന് ബിപൻ ചന്ദ്രയുടെ *ഇന്ത്യൻ സ്വാതന്ത്ര്യസമരം* വായിക്കുന്നതു കണ്ടതാണ് കാരണം. ആരായാലും മറ്റെന്തെങ്കിലും വായിച്ചുപോകുന്ന ഒരു ക്ലാസ്സ് ആയിരുന്നു അത്. പിറ്റേദിവസം ക്ലാസ്സിൽ കയറാതെ ലൈബ്രറിയിൽ ഇരുന്ന് *കോമ്പറ്റീഷൻ സക്സസ്* എന്ന മത്സരപരീക്ഷാ മാസിക വായിച്ചുകൊണ്ടിരുന്ന എന്നെ മലയാളം അദ്ധ്യാപകൻ പിടികൂടി.

'ഡിഗ്രിയല്ലേ ഈ സിവിൽ സർവ്വീസ് പരീക്ഷയുടെ അടിസ്ഥാനയോഗ്യത?'

അദ്ദേഹത്തിന്റെ ആദ്യചോദ്യം.

'അതേ സാർ'

'നീ ഡിഗ്രിക്ക് തോറ്റാൽ പിന്നെങ്ങനെ സിവിൽ സർവ്വീസ് പരീക്ഷ എഴുതും?'

'ഞാൻ ഡിഗ്രിക്ക് ജയിക്കും സാർ, എനിക്കുറപ്പുണ്ട്.' തൊട്ടു പുറകേ എന്റെ സത്യവാങ്മൂലം.

'പക്ഷേ, നീ തോല്ക്കുമെന്നാണല്ലോ നിന്റെ ജേർണ്ണലിസം ടീച്ചർ പറയുന്നത്?'